ലക്ഷം തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 2003-2004-ൽ 455 കി.മീ. ദൂരത്തിൽ റോഡിന്റെ വശങ്ങളിലായി 26,507 വിവിധയിനം വൃക്ഷത്തൈകൾ നടുകയും 4230 തൈകൾക്ക് സംരക്ഷണവേലി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 520 പൊതുസ്ഥാപനങ്ങളിലായി 5,57,440 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും 399 പോലീസ് സ്റ്റേഷനുകളിൽ 45,378 തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഒരേക്കർ സ്ഥലത്ത് വിവിധയിനങ്ങളിലുള്ള വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഗ്രാമവനം പദ്ധതിപ്രകാരം 2003-2004-ൽ 63 പഞ്ചായത്തുകളിലായി 67 ഹെക്ടർ ഭൂമിയിൽ കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടുകൂടി വിവിധയിനങ്ങളിലുള്ള 1,43,335 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2004-2005-ൽ 205 പഞ്ചായത്തുകളിലായി ഒരേക്കർ വിസ്തീർണ്ണമുള്ള 215 ഗ്രാമവനങ്ങളിലായി ഒന്നരലക്ഷത്തോളം വിവിധ യിനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

കടലാക്രമണവും പ്രകൃതിക്ഷോഭവും തടയുന്നതിന് ഉതകുംവിധം സംസ്ഥാനത്തെ തീരപ്രദേശത്ത് ബൽറ്റായി കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിക്കുന്ന ഹരിതതീരം പദ്ധതി പ്രകാരം 7.55 ലക്ഷം തൈകൾ സൗജന്യ നിരക്കിൽ തീരപ്രദേശത്ത് അധിവസിക്കുന്ന തദ്ദേശവാസികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിൽ 17 കി.മീ. കടൽ തീരപ്രദേശത്ത് മാതാഅമൃതാനന്ദമയി മഠവുമായി ചേർന്ന് വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ പുന്നപ്രയിൽ ഗ്രാമപഞ്ചായത്തിന്റെയും സന്നദ്ധസംഘടനയുടേയും സഹകരണത്തോടെ 3 കി.മി. ദൂരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

2005-2006-ൽ ആരംഭിച്ച വൃക്ഷോത്സവം പദ്ധതിപ്രകാരം പൊതുസ്ഥലങ്ങളിലും സ്കൂൾ-കോളേജ് കോമ്പൗണ്ടുകളിലും റോഡിന്റെ ഇരുവശങ്ങളിലും സന്നദ്ധ സംഘടനകളുടേയും വിദ്യാർത്ഥികളുടേയും സഹകരണത്തോടെ തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയ വിലപിടിപ്പുള്ള മരങ്ങൾ, തണൽ മരങ്ങൾ, പൂമരങ്ങൾ, ഔഷധസസ്യങ്ങൾ തുടങ്ങിയ 12,48,545 തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

വനപ്രദേശങ്ങളിൽ പഠനം നടത്താൻ അനുവാദം നൽകുന്നതിനുള്ള മാനദണ്ഡം

97(1446) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ പഠനം നടത്താൻ അനുവാദം നൽകുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്;

(ബി) ഈ സർക്കാർ ഇത് സംബന്ധിച്ച് പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് പഠനം നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) 24-1-2003-ലെ സ.ഉ.(സാ) 40/2003/വനം നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും, വന്യജീവി സംരക്ഷണ നിയമത്തിന്റെയും, വന നിയമത്തിന്റെയും വ്യവസ്ഥകളനുസരിച്ചുമാണ് പഠനം നടത്തുന്നതിന് അനുവാദം നൽകുന്നത്.

(സി) 24-1-2003-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.†

(ഡി) ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രകൃതി സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കാണ് അനുമതി നൽകിയിട്ടുള്ളത്.

വനസംരക്ഷണ സമിതിയുടെ ലക്ഷ്യങ്ങൾ

98(1447) ശ്രീ. ബിനോയ് വിശ്വം:

ശ്രീ. എം. കുമാരൻ:

ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വനസംരക്ഷണ സമിതികൾ രൂപീകരിച്ചു; ഇപ്പോൾ എത്ര സമിതികൾ രൂപീകരിച്ചു; ഇപ്പോൾ എത്ര സമിതികൾ പ്രവർത്തിച്ചുവരുന്നു;

(ബി) ഈ സമിതികളിടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഈ സമിതികൾ പ്രവർത്തനക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഈ സമിതികളെ പ്രവർത്തനക്ഷമമാക്കുവാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 368 വനസംരക്ഷണ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly